നം: C2/80295/2015/PHQ
പോലീസ്ആസ്ഥാനം, കേരളം
**തിരുവനന്തപുരം** - 10
**തീയതി:** 01/06/2015

**സർക്കുലർ നമ്പർ : 15/2015**

**വിഷയം –** പോലീസുദ്യോഗസ്ഥർ കോടതികളിൽ ഹാജരാകുന്നതിനെ സംബന്ധിച്ച്.

കുറ്റാന്വേഷണസംബന്ധമായി കേസുകൾ അന്വേഷിച്ചിട്ടുള്ള അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ സാക്ഷികളായി വരുന്ന പോലീസുദ്യോഗസ്ഥർ കോടതികളിൽ ഹാജരായി മൊഴി നൽകേണ്ടത്, കേസുകൾ സുഗമമായി നടത്തികൊണ്ടു പോകുന്നതിൽ വളരെ പ്രധാന്യമുള്ള ഒരു കാര്യമാണ്. കോടതികളിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും, കേസുകളിൽ ഉൾപ്പെട്ടവർക്ക് അനാവശ്യമായ താമസം ഉണ്ടാകാതിരിക്കുന്നതിനും ഇത് ആവശ്യമാണ്. പലപ്പോഴും കോടതികളിൽ ഹാജരാകുന്നതിനുള്ള സമൻസ് ലഭിച്ചാലും, പല പോലീസുദ്യോഗസ്ഥരും ക്രമസമാധാന പ്രശ്നങ്ങളും മറ്റ്കാര്യങ്ങളും കാണിച്ച് കോടതികളിൽ ഹാജരാകാതിരിക്കുന്ന സന്ദർഭങ്ങൾ ധാരാളം കണ്ടു വരുന്നു. കോടതികളിൽ നിന്നും സമൻസ് കിട്ടിയാൽ ആദ്യത്തെ സമൻസിന്റെ തീയതി തന്നെ യഥാസമയം കോടതികളിൽ ഹാജരാകേണ്ടതാണ്. ഏതെങ്കിലും അടിയന്തിര ഘട്ടങ്ങൾ (തീവ്രമായഅസുഖങ്ങൾ, ബഹു.പ്രധാനമന്ത്രി/പ്രസിഡന്റ് തുടങ്ങിയ വിവിഐപികളുടെ സന്ദർശനം, ഇലക്ഷൻ) തുടങ്ങിയ സന്ദർഭങ്ങളൊഴികെ ഒരു സമയത്തും സമൻസ് ലഭിച്ച ശേഷം കോടതികളിൽ ഹാജരാകാതിരിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകരുത്. ഏതെങ്കിലും പോലീസുദ്യോഗസ്ഥന്റെ അധികാരപരിധിയിൽ ഏതെങ്കിലും വിധത്തിലുള്ള ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് തന്റെ മേലധികാരികളെ അറിയിച്ച് അവർ മറ്റ് യോഗ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. സിവിൽ പോലീസ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ വരെയുള്ള പോലീസുദ്യോഗസ്ഥർ സമൻസ് ലഭിച്ച ശേഷം കോടതികളിൽ ഹാജരാകാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അക്കാര്യം ജില്ലാ പോലീസ് മേധാവിയുടെ അനുമതിയോടെ ആയിരിക്കണം. സബ്ഇൻസ്പെക്ടർക്ക് മുകളിലുള്ള പോലീസുദ്യോഗസ്ഥർ ഇത്തരത്തിൽ കോടതികളിൽ ഹാജരാകാത്ത സാഹചര്യം വരികയാണെങ്കിൽ അക്കാര്യം അതാത് റെയിഞ്ച് ഐജിപി/ഡിഐജിമാരുടെ അറിവോടെ മാത്രമെ

സംഭവിക്കാവൂ. ഇതിനു വിരുദ്ധമായി സമൻസ് ലഭിച്ചിട്ടും ഹാജരാകാത്ത പോലീസുദ്ദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടികൾ ഉടനടി ആരംഭിക്കേണ്ടതാണ്. കേസുകളിൽ അന്വേഷണം നടത്തി, ചാർജ്ഷീറ്റ് തയ്യാറാക്കി കോടതികളിൽ യഥാസമയം സമർപ്പിക്കുക എന്നത് മാത്രമല്ല പോലീസുദ്ദ്യോഗസ്ഥരുടെചുമതല. ആ കേസുകളിൽ തീരുമാനം എടുക്കേണ്ട കോടതികൾക്ക്തന്റെ ഭാഗത്തു നിന്നും തെളിവുകൾ നൽകാനും, കോടതികളിലെ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വാദി ഭാഗത്തിനും, പ്രതിഭാഗത്തിലുമുള്ള വ്യക്തികളുടെ പ്രശ്നങ്ങൾക്ക് കഴിയും വേഗം തീരുമാനം ഉണ്ടാകുന്നതിന് കോടതികളെ സഹായിക്കുന്ന വിധത്തിൽ പോലീസ്കർത്തവ്യ നിർവ്വഹണത്തിന്റെ ഭാഗമായ മൊഴി നൽകലിലൂടെ നടപടി സ്വീകരിക്കേണ്ടതുമാണ്. എല്ലാ ജില്ലാ പോലീസ് മേധാവിമാരും റെയിഞ്ച്ഐജിപി/ഡിഐജിമാരും ഇക്കാര്യം കർശനമായി നിരീക്ഷിക്കേണ്ടതാണ്. ഇതിനായി സ്റ്റേഷനിലുള്ള പ്രോസസരജിസ്റ്റർ അതാത്മാസം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കോടതികളിൽ ഹാജരാകേണ്ടിവരുന്ന പോലീസുദ്ദ്യോഗസ്ഥരുടെ അധികാരപരിധിയിൽ എന്തെങ്കിലും വിധത്തിലുള്ള ക്രമസമാധാനപ്രശ്നങ്ങൾ വരികയാണെങ്കിൽ അവ നിയന്ത്രിക്കേണ്ടത് സിഐ/ ഡി വൈഎസ് പി/ജില്ലാ പോലീസ് മേധാവികൾ എന്നിവരുടെ ചുമതലയാണ്. ഏതെങ്കിലും ഉദ്ദ്യോഗസ്ഥർക്ക് അടിയന്തിരമായ കാരണങ്ങളാൽ കോടതിയിൽ ഹാജരാകുവാൻ കഴിയുന്നില്ലായെങ്കിൽ അക്കാര്യം ബന്ധപ്പെട്ട കോടതിയെ കഴിയുന്നതും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.

**ടി പി സെൻകുമാർ ഐ പി എസ്**
**സംസ്ഥാന പോലീസ് മേധാവി**

എല്ലാ, ലിസ്റ്റ് ബി ഓഫീസർമാർക്കും
അറിവിലേക്കും അനന്തരനടപടികൾക്കുമായി
പകർപ്പ് : സർക്കുലർ രജിസ്റ്റർ/സ്റ്റോക്ക് 'C' ബ്രാഞ്ച്

TELE PHQrs.
Copy Received for Tx only
(Except Local Delivery)
01 JUN 2015
1825